# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3148** **18.06.2019-ൽ മറുപടിയ്ക്ക്**

**ശീതീകരണ സംവിധാനമുള്ള മത്സ്യമാർക്കറ്റുകളുടെ ശൃംഖല**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഹാർബറുകളിലും കരക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും ലേലം ചെയ്യുന്നത് ലേലക്കാരാണ്. ലേലക്കാർ യാതൊരു മാനദണ്ഡവും കൂടാതെയാണ് ലേല കമ്മീഷൻ ഈടാക്കുന്നത്. പലപ്പോഴും ഇത് വിലയുടെ 5 ശതമാനം മുതൽ 12 ശതമാനം വരെ വരും. ഇതിനു പുറമേ അളവിലും തൂക്കത്തിലും കൃത്യതയും സുതാര്യതയും പാലിക്കാറുമില്ല. തന്മൂലം മത്സ്യത്തിന് അർഹമായ വില ലഭിക്കാതെ മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്നു. മത്സ്യബന്ധനത്തിൽ നേരിട്ട് ഏർപ്പെടാത്ത ലേലക്കാരും കച്ചവടക്കാരും ഉയർന്ന വില നിശ്ചയിച്ചാണ് ഉപഭോക്താക്കൾക്ക് മത്സ്യം എത്തിക്കുന്നത്. ഈ സാഹചര്യത്തിലാണ് മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നിയമ നിർമ്മാണത്തിന് കരട് ബിൽ തയ്യാറാക്കിയതും. ഇതിന്റെ പ്രാരംഭ നടപടിയെന്നോണം കേരളത്തിലെ പന്ത്രണ്ടു ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മത്സ്യലേലം നടത്തുന്നതിന് മത്സ്യഫെഡ്-ന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന തീരമത്സ്യലേലവും സഹായകമാകുന്നുണ്ട്. നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഫിഷ് മാർക്കറ്റുകളിലും ലാൻഡിംഗ് സെന്ററുകളിലും കൂടി വ്യവസ്ഥാപിതമായ മത്സ്യലേലവും വിപണനവും ലക്ഷ്യമിടുന്നുണ്ട്. |
| ബി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുവാനുതകുന്ന ഒരു നിയമനിർമ്മാണം | ബി) കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

സി) മത്സ്യത്തിലെ ഹാനികരമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം അറിയുന്നതിന് സി.ഐ.എഫ്.റ്റി. വികസിപ്പിച്ച ടെസ്റ്റ് കിറ്റുകൾ പ്രയോജനപ്പെടുത്തി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന നടപടി നിലവിൽ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

സി) ഇല്ല. ഇത്തരം കിറ്റുകൾ വ്യാവസായികമായി ഉത്പാദിപ്പിച്ച് വിൽപന നടത്തിവരുന്നു. പൊതുജനങ്ങൾക്കും ഈ കിറ്റുകൾ പരിശോധനക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

ഡി) ശുചിത്വവും വൃത്തിയും ഉറപ്പും ശീതീകരണ സംവിധാനവുമുള്ള മത്സ്യമാർക്കറ്റുകളുടെ ശൃംഖല സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇതിനായി എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

ഡി) കേന്ദ്ര സർക്കാർ/ദേശീയ മത്സ്യവികസന ബോർഡ് എന്നിവയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന 39 മാർക്കറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകി. ഇതിൽ 35 എണ്ണം പൂർത്തീകരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 3 എണ്ണത്തിന്റെ നിർമ്മാണം നടന്നുവരുന്നു. തലശ്ശേരി മാർക്കറ്റിന്റെ നിർമ്മാണത്തിൽ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പൂർത്തീകരിച്ച് കൈമാറാൻ കഴിഞ്ഞിട്ടില്ല. ഏനാത്ത്, കണ്ണനല്ലൂർ എന്നീ രണ്ട് മാർക്കറ്റുകളിൽ നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നവീകരണത്തിന് തത്വത്തിൽ അംഗീകാരം നൽകി. പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. ഇതിനു പുറമേ (സംസ്ഥാന പദ്ധതി വിഹിതവും, എം.എൽ.എ ഫണ്ടും പ്രയോജനപ്പെടുത്തി) ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റ് നവീകരണവും മത്സ്യഫെഡ് മുഖേന നടപ്പാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാർക്കറ്റുകളുടെ നവീകരണത്തിനായി കേന്ദ്ര സഹായമായി ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ (50: 50 അനുപാതത്തിൽ) ഉൾപ്പെടുത്തി 500 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ